



# ജി.എൽ.പി.എസ്
# പെരുമ്പറമ്പ് മൂടാൽ
# സ്ക്കൂൾ കോഡ് : 19345

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

# അക്കാഡമിക് മാസ്റ്റർ പ്ലാൻ
2025-26
(സ്ക്കൂൾ തലം)

# ആമുഖം

***ജി.എൽ.പി.എസ് പെരുമ്പറമ്പ് മൂടാൽ (19345)*** വിദ്യാലയത്തിൽ 2025-26 അധ്യയന വർഷത്തിൽ 1 മുതൽ നാല് വരെയായി 158 കുട്ടികളും പ്രീ സ്ക്കൂളിൽ 36 കുട്ടികളും പഠിക്കുന്നു. നിലവിൽ എല്ലാ വിദ്യാർത്ഥികളും എസ്.സി, ഓ.ബി.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ്. കുട്ടികളുടെ എണ്ണത്തിന്റെ സംഗ്രഹം,

Academic Year : 2025 - 2026

| Class | Roll Strength | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | Boys | | | | | Girls | | | | |
| | SC | ST | OBC | GEN | TOTAL | SC | ST | OBC | GEN | TOTAL |
| Pre-Primary | 2 | 0 | 14 | 0 | 16 | 1 | 0 | 19 | 0 | 20 |
| Std I | 3 | 0 | 16 | 0 | 19 | 0 | 0 | 14 | 0 | 14 |
| Std II | 2 | 0 | 16 | 0 | 18 | 0 | 0 | 14 | 0 | 14 |
| Std III | 1 | 0 | 27 | 0 | 28 | 0 | 0 | 21 | 0 | 21 |
| Std IV | 1 | 0 | 22 | 0 | 23 | 0 | 0 | 21 | 0 | 21 |
| Total : | 9 | 0 | 95 | 0 | 104 | 1 | 0 | 89 | 0 | 90 |

വിദ്യാർത്ഥികളിൽ പൊതുവെ വീടുകളിൽ നിന്ന് അക്കാഡമിക് പിന്തുണ ലഭ്യമാക്കാൻ കഴിയുന്ന രക്ഷിതാക്കൾ ഉള്ളവർ കുറവാണ്. പ്രത്യേക പരിഗണന നൽ കേണ്ട 10 ഓളം വിദ്യാർത്ഥികൾ ഈ വർഷം സ്ക്കൂളിൽ ഉണ്ട്. അവർക്ക് ആവശ്യമായ പിന്തുണാ സംവിധനങ്ങൾ സ്ക്കൂൾ തലത്തിലും വ്യക്തിഗത മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോഴും ആലോചിച്ച് ഉറപ്പ് വരുത്താൻ ശ്രമിക്കുന്നുണ്ട്. പഠനത്തിൽ പല സാഹചര്യം കൊണ്ട് മുൻ പഠനനേട്ടങ്ങൾ ആർജ്ജിക്കാതെ പോയ വിദ്യാർത്ഥികൾ ഉണ്ട് . ഓരോ സാഹചര്യങ്ങളിലും അനുവർത്തിക്കേണ്ട പെരുമാറ്റരീതികൾ, പാലിക്കേണ്ട അച്ചടക്കം, വ്യക്തി ശുചിത്വം ഇത്തരം കാര്യങ്ങളിൽ കൂടുതൽ പുരോഗതി കൈവരിക്കേണ്ടതായ കുട്ടികൾ ആണ് ഉള്ളത്. കുറെ കുട്ടികൾ വാഹനത്തെ ആശ്രയിച്ച് മാത്രം സ്ക്കൂളിൽ വരാൻ സാധിക്കുന്നവരാണ്. ഇതിന് പുറമെ സ്വകാര്യ വിദ്യാലയങ്ങളുടെ ആധിക്യവും സ്ക്കൂളിനെ പരോക്ഷമായെങ്കിലും ബാധിക്കുന്നുണ്ട്. യൂണിഫോം, ഐ.ഡി കാർഡ് എന്നിവയിൽ സമകാലിക മാറ്റം ആഗ്രഹിക്കുന്നവർ ഉണ്ട്. ഇത്തരം പശ്ചാത്തലങ്ങൾ എല്ലാം അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ ചർച്ചാ വിഷയമാക്കിയിട്ടുണ്ട്. ആവശ്യമായ ഇടപെടലുകൾ പി.ടി.എ , എസ്.എം.സി, തദ്ദേശ ഭരണം എന്നിവയിൽ നിന്ന് ലഭ്യമാക്കുന്നുണ്ട്. മൽസര പരീക്ഷകൾക്ക് വേണ്ടത്ര തയ്യാറെടുപ്പ് കുട്ടികൾ നടത്തുന്നില്ല.


വിദ്യാഭ്യാസ വകുപ്പ് സംസ്ഥാന തലത്തിൽ നടപ്പാക്കുന്ന പരിപാടികൾ - ലഹരി വിരുദ്ധ ക്യാംപെയ്ൻ, ആരോഗ്യ പരിപാടികൾ (ശുചിത്വം), കുട്ടികൾക്ക് മാനസികമായും ശാരീരികമായും ഉല്ലാസം ലഭിക്കുന്നതിന് ശാസ്ത്രീയമായി ആവിഷ്കരിച്ച പദ്ധതികൾ എന്നിവയ്കെല്ലാം അക്കാഡമിക് മാസ്റ്റർ പ്ലാനിൽ ശരിയായ ഇടം നൽകാൻ ശ്രമിച്ചിട്ടുണ്ട്.

അധ്യാപകർ - എൽ.പി

| | പുരുഷൻ മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| സ്ഥിരം | 04 | 06 | 10 |
| പി.ടി.സി.എം | 00 | 00 | 00 |
| താല്ക്കാലികം | 0 | 01 | 01 |

അധ്യാപകർ - പ്രീസ്ക്കൂൾ

| | | | |
|---|---|---|---|
| അധ്യാപകർ | 00 | 02 | 02 |
| പാചക തൊഴിലാളി | 00 | 01 | 01 |



## ലക്ഷ്യങ്ങൾ

- പഠനത്തിൽ മുൻവർഷങ്ങളിൽ ലഭിക്കാതെ പോയ പഠനേട്ടങ്ങൾ ലഭ്യമാക്കി നിലവിൽ എത്തേണ്ടതായ നിലവാരത്തിലേക്ക് ഉയർത്തുക.(വർഷം മുഴുവൻ)

- പ്രത്യേക പരിഗണന ലഭിക്കേണ്ട വിദ്യാർത്ഥികൾ ഉൾച്ചേർക്കൽ വിദ്യാഭ്യാസത്തിലൂടെ പരമാവധി കഴിവുകൾ നേടിയെടുക്കൽ, അവർക്കും രക്ഷിതാക്കൾക്കും ഉള്ള അപകർഷതാ ചിന്ത ഒഴിവാക്കൽ, പരിമിതികൾ മറികടന്ന് പരമാവധി പൊതു സമൂഹത്തിൽ ഇടം നൽകൽ (വർഷം മുഴുവൻ)

- കുട്ടികളുടെ അക്കാഡമിക മികവ് വിലയിരുത്താനും ആവശ്യമായ പിന്തുണ നൽകുന്നതിനും വിദ്യാലത്തിലെ വിവിധ സംവിധാനത്തിലേക്ക് ഇടപെടുന്നതിനും പ്രാപ്തരായ രക്ഷിതാക്കൾ (പ്രത്യേക കാലയളവ്)

- വാഹന ഗതാഗതത്തെക്കുറിച്ചും പെരുമാറേണ്ട രീതികളെക്കുറിച്ചും അവബോധമുള്ള കുട്ടികൾ.(ദീർഘകാലം)

- ആകർഷണീയവും സുരക്ഷതവുമായ യൂണിഫോം , വേഷ വിധാനങ്ങൾ. (വർഷാരംഭത്തിൽ)

- മൽസര പരീക്ഷകളെ പ്രാധാന്യത്തോടെ കാണുന്ന കുട്ടികൾ. (ദീർഘകാലം)

- വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ആരോഗ്യകരമായ ശീലങ്ങൾ എന്നിവയെക്കുറിച്ച് അവബോധവും അത്തരം ശീലങ്ങൾ പിന്തുടരുകയും ചെയ്യുന്ന സമൂഹം. (പഠനകാലം മുഴുവൻ)

- വിവിധ സന്ദർഭങ്ങളിൽ ഉദാ. ക്ലാസിൽ ഇരിക്കുമ്പോൾ, വരിയിൽ നിൽക്കുമ്പോൾ, വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ, സഹായം നൽകാൻ കഴിയുന്ന സന്ദർഭങ്ങളിൽ - ശരിയായ രീതിയിൽ പെരുമാറുകയും നല്ല സ്വഭാവം (കളവ് പറയാതിരിക്കൽ, തെറ്റ് കണ്ടാൽ ചൂണ്ടിക്കാണിക്കൽ) പുലർത്തുകയും ചെയ്യുന്ന കുട്ടികൾക്ക്. (പ്രത്യേക കാലയളവിൽ)

- സമാകാലിക സംഭവങ്ങൾ, സാങ്കേതി വിദ്യ, ഔദ്യോഗികവും അനൌദ്യോഗികവുമായി വിദ്യാഭ്യാസ രംഗത്ത് ലഭ്യമാകുന്ന പരിശീലനം എന്നിവ ആർജ്ജിച്ചെടുത്ത അധ്യാപകർ.

- വിദ്യാലയത്തിന് ശക്തമായ പിന്തുണ നൽകുന്ന പി.ടിഎ, എസ്.എം.സി, തദ്ദേശ ഭരണ സംവിധാനം.

# പൊതുവായ പ്രവർത്തനങ്ങൾ





# ➔ അമ്മ വായന

- **ലക്ഷ്യങ്ങൾ**

➔ അമ്മമാരിലെ വായനാശീലം വർദ്ധിപ്പിക്കുന്നതിനും വീട്ടിൽ ഒരു വായന സംസ്കാരം വളർത്തുന്നതിനും

➔ പൊതുസമൂഹത്തെ വിദ്യാലയത്തോട് അടുപ്പിക്കുന്നതിനും വിദ്യാലയ പുരോഗതി സമൂഹം ഏറ്റെടുക്കുന്നതിനും

- ***ജൂൺ***

➔ പുസ്തക ശേഖരണം, ലൈബ്രറി സജ്ജീകരണം, രക്ഷിതാക്കൾക്ക് സി പി ടി എ യിൽ ബോധവൽക്കരണം, പുസ്തകവിതരണം ആരംഭം

- ***ജൂലൈ***

➔ വായനയുടെ പ്രാധാന്യം - ബോധവൽക്കരണ ക്ലാസ്

- ***ആഗസ്റ്റ്***

➔ അസംബ്ലിയിൽ പുസ്തകം പരിചയപ്പെടുത്തൽ, നാലാഴ്ചയായി നാലു ക്ലാസിലെയും ഓരോ രക്ഷിതാവ് വീതം പുസ്തകം പരിചയപ്പെടുത്തുന്നു.

- ***സെപ്റ്റംബർ***

➔ പുസ്തക ചർച്ച - അമ്മക്കൂട്ടത്തിനെ ഉൾപ്പെടുത്തിയുള്ള പുസ്തക ചർച്ച ,ഒരു വാട്സ്ആപ്പ് ഗ്രൂപ്പ് രൂപീകരിക്കുന്നു.

- ***ഒക്ടോബർ***

➔ ആസ്വാദനക്കുറിപ്പ് /വായനാക്കുറിപ്പ് പതിപ്പ് തയ്യാറാക്കൽ

➔ അമ്മമാർ വായിച്ച പുസ്തകത്തെക്കുറിച്ച് ആസ്വാദനക്കുറിപ്പ് / വായനക്കുറിപ്പ് തയ്യാറാക്കി, പതിപ്പ് ആക്കുന്നു.

- ***നവംബർ***
  - ➔ അമ്മ വായന രണ്ടാം ഘട്ടം
- ***ഡിസംബർ***
  - ➔ വായിച്ച പുസ്തകത്തെക്കുറിച്ച് എന്തെങ്കിലും ഒരു വ്യവഹാര രൂപത്തിൽ തന്റെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നു.
- ***ജനുവരി***
  - ➔ അമ്മക്കഥ
  - ➔ ക്ലാസ്സുകളിൽ അമ്മമാർ ഓരോ കഥ വായിച്ച് അവതരിപ്പിക്കുന്നു.
- ***ഫെബ്രുവരി***
  - ➔ രചനോത്സവം
  - ➔ രചന ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും രചനകൾ ശേഖരിക്കുകയും ചെയ്യുന്നു .
- ***മാർച്ച്***
  - ➔ അമ്മമാരുടെ സൃഷ്ടികൾ ഉൾപ്പെടുത്തി മാസിക തയ്യാറാക്കുന്നു. അത് പ്രകാശനം ചെയ്യുന്നു. നന്നായി വായിച്ച അമ്മയെ കണ്ടെത്തുകയും ആദരിക്കുകയും ചെയ്യുന്നു.



## വായന വേള - *ഒഴിവുസമയം വായനയ്ക്ക്*

**ജൂൺ**

പുസ്തകങ്ങൾ തയ്യാറാക്കൽ, വായനക്കൂട്ടം തയ്യാറാക്കൽ

സമയം : രാവിലെ 9: 30 മുതൽ 10: 30 വരെ

വൈകിട്ട് 4: 30 മുതൽ 5 മണി വരെ


**ജൂലൈ** - മാർച്ച്

വായിച്ചുകേട്ട കഥ പറയിപ്പിക്കൽ, ചിത്രീകരണം, മറ്റൊരു വ്യവഹാര രൂപത്തിലാക്കൽ എന്നിവ നടത്താം. എല്ലാ മാസവും മികച്ച വായനക്കാരനെ കണ്ടെത്തുന്നു, അസംബ്ലിയിൽ ആദരിക്കുന്നു.

ചെറിയ ക്ലാസുകളിൽ വായന വേളയ്ക്ക് നേതൃത്വം നൽകുന്ന കുട്ടി ടീച്ചർമാർക്ക് പ്രോത്സാഹനം നൽകുന്നു.

**ആഗസ്റ്റ് മുതൽ ഫെബ്രുവരി** വരെ പ്രവർത്തനങ്ങൾ തുടരുന്നു. ഓരോ മാസവും വായനയുമായി ബന്ധപ്പെട്ട് കുറിപ്പ്, ചെറിയ രചനാ മൽസരം , ചിത്രീകരണം എന്നിവ സംഘടിപ്പിക്കുന്നു.

# സ്കൂൾ റേഡിയോ



## ലക്ഷ്യങ്ങൾ

കുട്ടികളുടെ ഭാഷാശേഷി, സർഗ്ഗാത്മകത എന്നിവ വളർത്തൽ, സങ്കോചമില്ലാതെ മൈക്കിനു മുന്നിൽ പരിപാടികൾ അവതരിപ്പിക്കാൻ ഉള്ള ആത്മ വിശ്വാസം നൽകുന്നതിന്. ചുറ്റുമുള്ള വാർത്തകളും വിശേഷങ്ങളും കണ്ടെത്തി വിശകലനം ചെയ്യുന്നതിനും ഫലപ്രദമായ എഡിറ്റിങ്ങിനും കഴിവ് നേടുക. ഓഡിയോ സ്കിറ്റ്, സ്ക്രിപ്റ്റ് തയ്യാറാക്കാൻ ശേഷി നേടൽ

**പ്രവർത്തന കാലയളവ്**

ജൂലൈ മുതൽ ജനുവരി വരെ.

സമയം ഉച്ചയ്ക്ക് 1.20 മുതൽ 2 മണി വരെ

പ്രവർത്തന ക്രമം

കെ.ജി മുതൽ നാലാം ക്ലാസ് വരെ ഉള്ള വിദ്യാർത്ഥികളുടെ മുൻകൂട്ടി റിക്കോർഡ് ചെയ്തതും ലൈവ് ആയതുമായ വിവിധ പ്രവർത്തനങ്ങൾ ആവശ്യമായ എഡിറ്റിങ്ങിന് ശേഷം പ്രക്ഷേപണം ചെയ്യുക. എല്ലാ ക്ലാസിലും സ്പീക്കർ സംവിധാനം ഉള്ളത് പ്രയോജനപ്പെടുത്തുന്നു. ഒരു റെക്കോർഡിങ് റൂം പരിഗണയിലുണ്ട്.

ഇപ്പോൾ ആഴ്ചയിൽ ഒരു ദിവസം എന്ന നിലയിലാണ് നടപ്പാക്കുന്നത്. എല്ലാ ചൊവ്വാഴ്ചയും ഉച്ചയ്ക്ക് ഉള്ള ഇടവേളയിൽ ഓരോ ആഴ്ചിൽ ഓരോ ക്ലാസിന് അവസരം നൽകിയാണ് നടപ്പാക്കുന്നത്.

# സ്ക്കൂൾ പത്രം



ഓരോ ടേമിലും സ്ക്കൂൾ വിശേഷങ്ങളുമായി ഒരു പത്രം ഇറക്കുക.

ലക്ഷ്യം

പത്ര വായന, എഡിറ്റിങ്, വാർത്തകൾ ചിട്ടപ്പെടുത്തൽ എന്നിവയിൽ കഴിവ് നേടുന്നതിനോടൊപ്പം കുട്ടികളുടെ രചനാപരമായ കഴിവ് പ്രദർശിപ്പിക്കാനുള്ള ഒരു വേദകൂടിയാക്കുക.

**കാലയളവ്**

ഓരോ ടേമിലും ഒരു പത്രം -

സെപ്തംബർ, ഡിസംബർ, മാർച്ച് മാസങ്ങളിൽ



# വിജയസ്പർശം 2026

(2,3,4 ക്ലാസുകളിലെ പഠന പിന്നോക്ക അവസ്ഥ നേരിടുന്ന കുട്ടികളെ മെച്ചപ്പെടുത്താനുള്ള പരിശീലന പരിപാടി)

ലക്ഷ്യം - എല്ലാ കുട്ടികളും അവരുടെ ക്ലാസ് അനുസരിച്ച് ആർജ്ജിക്കേണ്ട ശേഷികൾ ഉറപ്പ് വരുത്തുക. ഭാഷാ വിഷയങ്ങളിലെയും ശാസ്ത്ര വിഷയങ്ങളുടെയും അടിസ്ഥാന ധാരണ കൈവരിക്കുക.

പ്രവർത്തനകാലയളവ് -ജൂലൈ മുതൽ മാർച്ച് വരെ

പ്രവർത്തനക്രമം

പഠനത്തിൽ പിന്നാക്ക അവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്താനായി 2026 ജൂലൈ മാസം പ്രീ ടെസ്റ്റ് നടത്തുന്നു.പ്രീ ടെസ്റ്റ് മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ വിജയ് സ്പർശത്തിൽ തെരഞ്ഞെടുക്കേണ്ട കുട്ടികളെ ഉൾപ്പെടുത്തുന്നു.

□രക്ഷിതാക്കളുടെ മീറ്റിംഗ്

□ക്ലാസ് ആരംഭിക്കുന്നു.വൈകുന്നേരം 3:30 മുതൽ 4:20 വരെ

□എല്ലാ മാസവും ഇതേ രീതിയിൽ ക്ലാസുകൾ തുടരുന്നു.

□കുട്ടികളുടെ പഠന പുരോഗതിയുടെ ഇരുത്താൻ യൂണിറ്റ് ടെസ്റ്റുകൾ നടത്തുന്നു.

□ഒക്ടോബർ മാസം മിഡ് ടേം പരീക്ഷ നടത്തുന്നു.

□എല്ലാ മാസവും രക്ഷിതാക്കളുടെ മീറ്റിംഗ്



# അറിവുത്സവം 2025-26

(3,4 ക്ലാസുകളിലെ കുട്ടികളിൽ പൊതുവിജ്ഞാനം പരിപോഷിപ്പിക്കുന്നതിനുള്ള പ്രത്യേക പരിപാടി)

***കാലയളവ്: 2025 ജൂൺ മുതൽ 2026 മാർച്ച് വരെ***

## ലക്ഷ്യങ്ങൾ:

◇ കുട്ടികളിൽ പൊതുവിജ്ഞാനം പരിപോഷിപ്പിക്കുക.

◇ ആനുകാലിക ചോദ്യങ്ങൾ പരിചയപ്പെടുക.ഇതുവഴി താൻ ജീവിക്കുന്ന ലോകത്ത് നടക്കുന്ന മാറ്റങ്ങൾ കുട്ടി മനസ്സിലാക്കുന്നു.

◇ ശാസ്ത്ര, ഭാഷ വിഷയങ്ങളിലെ അടിസ്ഥാന ചോദ്യങ്ങൾ പരിചയപ്പെടുന്നു.

◇വിവിധ ക്വിസ് മത്സരങ്ങളിലേക്ക് കുട്ടികളെ പ്രാപ്തരാക്കുന്നതിനൊപ്പം, LSS പോലുള്ള പൊതു പരീക്ഷകളിലേക്കുള്ള പൊതുവിജ്ഞാന ചോദ്യങ്ങൾ കുട്ടികൾ പരിചയപ്പെടുന്നു.

**പ്രവർത്തന ക്രമം**

◇ പൊതുവിജ്ഞാന ചോദ്യങ്ങൾ നൽകാനായി അറിവുത്സവം 2025-26 എന്ന പേരിൽ വാട്സ്അപ്പ് ഗ്രൂപ്പ് നിർമ്മിക്കുന്നു.ശേഷം ഗ്രൂപ്പിൽ ആഴ്ചയിൽ മൂന്ന് ദിവസങ്ങളിൽ (തിങ്കൾ,ബുധൻ, വെള്ളി) 5 ചോദ്യങ്ങൾ വീതം നൽകുന്നു.ഈ ചോദ്യങ്ങളിൽ പൊതുവിജ്ഞാന ചോദ്യങ്ങളും,ശാസ്ത്ര,ഭാഷ വിഷയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങളും ഉൾപ്പെടുന്നു.കൂടാതെ സമകാലിക ചോദ്യങ്ങൾ പ്രത്യേകമായി തന്നെ ഗ്രൂപ്പുകൾ നൽകുന്നു.എല്ലാ മാസവും പത്താം തീയതിക്കുള്ളിൽ അതുവരെ നൽകിയ ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ ക്വിസ് മത്സരം നടത്തുന്നു.ആദ്യ മൂന്നു സ്ഥാനക്കാരെ തിരഞ്ഞെടുത്തു സമ്മാനം നൽകുന്നു.

□മാർച്ച് മാസം അവസാനം ജൂൺ മുതൽ മാർച്ച് മാസം വരെ നൽകിയ ചോദ്യങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് മെഗാ ക്വിസ് നടത്തുന്നു.

# ഒരുക്കം 2026

*(2025-26 അധ്യയന വർഷത്തെ എൽ.എസ്. എസ് പരീക്ഷയ്ക്ക് വേണ്ടിയുള്ള പരിശീലന പരിപാടി)*

**ലക്ഷ്യങ്ങൾ**:

◇ 2025- 26 അധ്യയന വർഷം എൽ.എസ്.എസ് പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുക.

◇ ഭാഷാ വിഷയങ്ങളിലും ശാസ്ത്ര വിഷയങ്ങളിലും കുട്ടികൾ നേടേണ്ട ഉയർന്ന ശേഷികൾ കൈവരിക്കുന്നു.

◇ പ്രവർത്തന കാലയളവ്

2025 ആഗസ്റ്റ് മാസം മുതൽ 2026 ഫെബ്രുവരി മാസം വരെ

◇ **ആഗസ്റ്റ്**

□ഒന്നാം പാദ വാർഷിക പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ ഗ്രേഡ് കിട്ടിയ കുട്ടികളെ എൽ.എസ്.എസ് പരിശീലനത്തിന് തിരഞ്ഞെടുക്കുന്നു.

◇ ഒരുക്കം 2025 - 26 പരിശീലന പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം.

□ എൽ.എസ്.എസ് ന് തെരഞ്ഞെടുത്ത കുട്ടികളുടെ രക്ഷിതാക്കളുടെ ആദ്യത്തെ മീറ്റിംഗ്.

□ ക്ലാസ് ആരംഭിക്കുന്നു.

➡രാവിലെ 9:30 മുതൽ 10:30 വരെ

➡വൈകുന്നേരം 3:30 മുതൽ 4 :10 വരെ

◇ **സെപ്റ്റംബർ**

□രാവിലെയും വൈകുന്നേരവും ഉള്ള ക്ലാസ് തുടരുന്നു.

□ഉച്ചയ്ക്ക് 1:30 മുതൽ 2 മണി വരെ യൂണിറ്റ് പരീക്ഷകൾ ആരംഭിക്കുന്നു.

➡തിങ്കൾ - മലയാളം

➡ചൊവ്വ - ഇംഗ്ലീഷ്

➡ബുധൻ - പരിസര പഠനം

➡വ്യാഴം - ഗണിതം

➡വെള്ളി -പൊതുവിജ്ഞാനം

□രക്ഷിതാക്കളുടെ രണ്ടാമത്തെ മീറ്റിംഗ്.

□ശനിയാഴ്ച ഉച്ചവരെയുള്ള എൽ.എസ്.എസ് ക്ലാസ്സുകൾ ആരംഭിക്കുന്നു.

◇ **ഒക്ടോബർ**

□രാവിലെയും വൈകുന്നേരമുള്ള ക്ലാസ് തുടരുന്നു.

□ഉച്ചയ്ക്ക് നടത്തുന്ന യൂണിറ്റ് പരീക്ഷകൾ തുടരുന്നു.

□ശനിയാഴ്ചത്തെ ക്ലാസുകൾ തുടരുന്നു.

□വീട്ടിൽനിന്ന് രക്ഷിതാക്കളുടെ മേൽനോട്ടത്തിൽ യൂണിറ്റ് പരീക്ഷകൾ ആരംഭിക്കുന്നു.പരീക്ഷക്കാവശ്യമായ ചോദ്യപേപ്പറുകൾ പ്രത്യേക കവറിലാക്കി സീൽ ചെയ്തു കുട്ടികളുടെ കൈവശം കൊടുത്തുവിടുന്നു.പരീക്ഷ കഴിഞ്ഞ ശേഷം ഉത്തര പേപ്പർ അതേ കവറിലിട്ട് സ്കൂളിലേക്ക് തിരിച്ചെത്തിക്കണം.

□രക്ഷിതാക്കളുടെ മൂന്നാമത്തെ മീറ്റിംഗ്.

◇ **നവംബർ**

□രാവിലെയും വൈകുന്നേരവും ഉള്ള ക്ലാസ് തുടരുന്നു.

□ഉച്ചയ്ക്ക് നടക്കുന്ന യൂണിറ്റ് പരീക്ഷകൾ തുടരുന്നു.

□ശനിയാഴ്ചത്തെ ക്ലാസുകൾ തുടരുന്നു.
□മോഡൽ പരീക്ഷകൾ ആരംഭിക്കുന്നു.സ്കൂളിൽ വെച്ചും വീട്ടിൽ വെച്ചും മോഡൽ പരീക്ഷകൾ ആരംഭിക്കുന്നു.
□രക്ഷിതാക്കളുടെ നാലാമത്തെ മീറ്റിംഗ്

◇ **ഡിസംബർ**

□മുൻ മാസങ്ങളിൽ നടന്ന ക്ലാസുകളും പരീക്ഷകളും അതേപോലെ തുടരുന്നു.
□വെക്കേഷന് അഞ്ചുദിവസം സ്കൂളിലെ അധ്യാപകരുടേയും പുറത്തുനിന്നുള്ള അധ്യാപകരുടെയും ക്ലാസുകൾ നൽകുന്നു.
□മോഡൽ പരീക്ഷകൾ നടത്തുന്നു.

◇**ജനുവരി**

□മുൻ മാസങ്ങളിൽ നടന്ന പരീക്ഷകളും ക്ലാസ്സുകളും തുടരുന്നു....
□എല്ലാ ആഴ്ചയിലും മോഡൽ പരീക്ഷകൾ സ്കൂളിൽ വച്ച് സംഘടിപ്പിക്കുന്നു.
□രക്ഷിതാക്കളുടെ അഞ്ചാമത്തെ മീറ്റിംഗ്.

◇ **ഫെബ്രവരി**

□മുൻ മാസങ്ങളിൽ നടന്ന പരീക്ഷകളും ക്ലാസുകളും തുടരുന്നു.
□കൂടുതൽ മാതൃക പരീക്ഷകൾ നടത്തുന്നു.
□എൽ.എസ്.എസ് പരിശീലന പരിപാടിയുടെ സമാപനം

# സുരക്ഷാ സമിതി പ്രവർത്തനങ്ങൾ

**ലക്ഷ്യങ്ങള്**

നിലവിലുള്ള സമൂഹത്തിൽ വളർന്ന വരുന്ന തലമുറയ്ക്ക് ശരിയായ ജീവിതരീതിയിലൂടെ ശരിയായ സംരക്ഷണം ഉറപ്പാക്കുക. അപകടങ്ങൾ ഒഴിവാക്കുക. വാഹന, റോഡ് നിയമം അറിയുക. പ്രഥമശുശ്രൂഷയെ ക്കുറിച്ച് അറിവ് ലഭിക്കുക.

കാലയളവ് (വർഷം മുഴുവൻ , പ്രത്യേക പരിപാടികൾ)

**സുരക്ഷാ സമിതി രൂപീകരണം**

ജൂൺ മാസത്തിന്റെ ആരംഭത്തിൽ സുരക്ഷാ സമിതിയുടെ ആദ്യയോഗം. വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ

**ജൂലൈ** - റോഡ് നിയമങ്ങൾ , വാഹന ഗതാഗതം എന്നിവയെ ബോധ്യപ്പെടുത്തുന്ന മോക് ഡ്രിൽ - യഥാർത്ഥ റോഡിൽ തന്നെ. (സീബ്രാ ലൈൻ, സ്പീഡ് ബ്രേക്കർ, നടക്കേണ്ടതായ വശം ...)

ജൂലൈ അവസാനം / **ആഗസ്റ്റ്** - ലഹരി വിരുദ്ധ ക്ലാസ് രക്ഷിതാക്കൾക്ക്

ലക്ഷ്യം - യുവതലമുറയെ ലഹരി മുക്തമാക്കുക, അതിലേക്ക് അടിമപ്പെടാതെ ശ്രദ്ധിക്കുക ഇവയിൽ രക്ഷിതാക്കളെ ബോധവൽക്കരിക്കുക.

പ്രവർത്തനം - സി.പി.ടി.എ യോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസ്.

**സെപ്തംബർ** - നീന്തൽ പരിശീലനം - രക്ഷിതാക്കളുടെ മേൽനോട്ടത്തിൽ താല്പര്യമുള്ള കുട്ടികൾക്ക് നീന്തൽ പരിശീലനം.

**ഒക്ടോബർ** - മോക് ഡ്രിൽ - വിദ്യാലയത്തിൽ അപകടങ്ങൾ ഉണ്ടാകുമ്പോൾ പാലിക്കേണ്ട സരുക്ഷാ മാർഗ്ഗങ്ങളെക്കുറിച്ച് മോക് ഡ്രിൽ . ഉദാ. പാസ്സേജ്, മുന്നറിയിപ്പ് സംവിധാനം ...

**നവംബർ**

സാമൂഹിക, സാമ്പത്തിക സുരക്ഷ ഉറപ്പാക്കാൻ തനത് പരിപാടി

# സർക്കാർ തല പരിപാടികൾ

- പ്രവേശനോൽസവം
- വിവിധ ദിനാഘോഷങ്ങൾ (വിശദികരണം - എസ്.ആർ.ജി മിനുട്സിൽ അനുബന്ധമായി രേഖപ്പെടുത്തിയിരിക്കുന്നു)
- ലഹരി മുക്ത കേരളം
  - ബോധവൽക്കരണ ക്ലാസ് (സുരക്ഷാ സമിതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.), ക്ലാസ് റൂം പ്രവർത്തനങ്ങൾ
- വിദ്യാലയ സൌന്ദര്യവൽക്കരണം , ന്യൂട്രീഷ്യൻ ഗാർഡൻ.



## വിദ്യാലയത്തിലെ പൊതുവായ അക്കാഡമിക പ്രവര്‍ത്തനങ്ങള്‍

- എല്ലാ വ്യാഴാഴ്ചയും അസംബ്ലി, നിര്‍ദ്ദേശങ്ങള്‍ക്കനുസരിച്ച് പ്രത്യേക അസംബ്ലി.
- ജൂലൈ - രണ്ടാം ആഴ്ച – സ്ക്കൂള്‍ ലീഡര്‍ തെരഞ്ഞെടുപ്പ്
- പി.ടി.എ എക്സി. തീരുമാനമനുസരിച്ച് ജനറല്‍ ബോഡി, തെരഞ്ഞെടുപ്പ്
- എസ്.എം.സി പുനസംഘടന.
- എല്ലാ ആഴ്ചയിലും ക്ലാസ് തല എസ്.ആര്‍.ജി കൂടി ക്ലാസ് തല വിശകലനം നടത്തുക.
- എല്ലാ ആദ്യത്തേയും മൂന്നാമത്തെയും ആഴ്ചയിലെ വ്യാഴാഴ്ച്ച രാവിലെ സ്ക്കൂള്‍ സമയത്തിന് മുമ്പ് സ്ക്കൂള്‍ തല എസ്.ആര്‍.ജി ചേരുക.
  - പഠനപ്രവര്‍ത്തനങ്ങള്‍ അവലോകനം.
  - പ്രത്യേക ദിനാഘോഷങ്ങള്‍
  - ക്ലാസ് തലത്തില്‍ പരിഹാരം കാണാന്‍ കഴിയാത്ത പ്രശ്നങ്ങള്‍
  - മറ്റ് കാര്യങ്ങള്‍
- എല്ലാ മാസവും അവസാനത്തെ ചൊവ്വ – സി.പി.ടി.എ
- മൂല്യനിര്‍ണ്ണയം - കുറ്റമറ്റരീതിയില്‍ നടപ്പാക്കുക
- മാസത്തിലൊരിക്കല്‍ / മറ്റ് അടിയന്തിര ഘട്ടങ്ങളില്‍ സ്റ്റാഫ് മീറ്റിങ്